(Pages : 4) **L – 3054**

Reg. No. : .............................

Name : .................................

# First Semester M.A. Degree Examination, May 2021

## SDE

## Malayalam Language and Literature

## MLD 211 : പ്രാചീനസാഹിത്യം

## (2017 Admission onwards)

gcwcentrallibrary.in

Time : 3 Hours Max. Marks : 75

I. ഈരണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) രാമചരിതം ഒന്നാംപടലത്തിലെ പാർവ്വതീസ്തുതി വിവരിക്കുക.

അല്ലെങ്കിൽ

(b) ".... എനക്കു തുണയാകയിതിനേ.." ആരെല്ലാം തുണയാകണം എന്നാണു പ്രാർത്ഥന? വിവരിക്കുക.

2. (a) 'മക്കളെച്ചിറകുകൊണ്ടുമറച്ചുവെച്ചിരിക്കക്കൊണ്ടീർ'

- എന്ന വരികളുടെ സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) '....കകനതാവളത്തിൽ വന്തു കതിരവെൻ

നിലക്കക്കൊണ്ടീർ'- സന്ദർഭവും ആശയവും വ്യക്തമാക്കുക.

P.T.O.

3. (a) 'കാലനുടനേവശനാകാതേ ഞാൻ കഴിയിന്റുതുകണ്ടായോ'? - ആരുടെ വാക്കുകൾ? സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) '.... തവതനയർ നശിപ്പതിനൊരു സംശയമില്ലെന്റാർ...'

- ആരുടെ വാക്കുകൾ? സന്ദർഭവും ആശയവും വ്യക്തമാക്കുക.

4. (a) '.... മെയ്യായകം കുല്ലുന്തേൻ...'

- ആരുടെ വാക്കുകൾ? സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) 'എൻവരവിന്നങ്ങു കാലമിതായിതോ

എന്നങ്ങറിവാനായെന്നപോലെ' - സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

5. (a) ഉണ്ണിച്ചിരുതേവീചരിതത്തെ ചമ്പുവായി പരിഗണിക്കാൻ പ്രയാസമുണ്ടെന്നു പറയുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) ഉണ്ണിച്ചിരുതേവീചരിതത്തിന്റെ രചനാകാലത്തെപ്പറ്റിയുള്ള അഭിപ്രായങ്ങളെന്തെല്ലാം? വിവരിക്കുക.

6. (a) കോകസന്ദേശത്തിന്റെ ഭാഷാപരമായ സവിശേഷതകൾ വിശദമാക്കുക.

അല്ലെങ്കിൽ

(b) കോകസന്ദേശത്തിൽ 'തിരുവഞ്ചിക്കുള'ത്തെ അവതരിപ്പിക്കുന്നതെങ്ങനെ?

7. (a) ഒരു 'ക്രോണിക്കിൾ' എന്ന നിലയിൽ അനന്തപുരവർണ്ണനം ചരിത്രകാരന്മാർക്കും ഭാഷാഗവേഷകർക്കും വിലപ്പെട്ടതാണ് എന്നു പറയുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) പ്രകൃതിയെ തന്റെ കവിതയിലേക്ക് ആവാഹിക്കുന്നതാണ് ചെറിയച്ചിയിലെ ആദ്യപദ്യം തന്നെ എന്ന അഭിപ്രായം വിലയിരുത്തുക.

**(7 × 3 = 21 Marks)**



gcwcentrallibrary.in

II. നന്നാലു് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) രാമചരിതത്തിന്റെ കാലത്തെപ്പറ്റിയുള്ള ഭിന്നാഭിപ്രായങ്ങൾ രേഖപ്പെടുത്തുക.

അല്ലെങ്കിൽ

(b) രാമചരിതഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?

2. (a) തിരുനിഴൽമാലയെ മനോഹരമായ ഒരു ഫോക്‌ലോർ രചനയായി കരുതണമെന്നു പറയുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) രാമകഥപ്പാട്ടിന്റെ ജനകീയതയ്ക്കു നിദാനമായ കാര്യങ്ങളെന്തെല്ലാം?

3. (a) കൃഷ്ണഗാഥയുടെ ഭാഷയെപ്പറ്റിയുള്ള പ്രധാന നിരീക്ഷണങ്ങൾ വിവരിക്കുക.

അല്ലെങ്കിൽ

(b) ചോകിരം ഗ്രാമത്തെയും പൊയിലത്തെയും വർണ്ണിക്കുന്നത് എങ്ങനെയെന്നു വിശദമാക്കുക.

4. (a) സ്ഥലവർണ്ണനകൾക്കുള്ള ഒരു ചട്ടക്കൂടുമാത്രമാണ് സന്ദേശകാവ്യങ്ങൾ എന്ന അഭിപ്രായം കോകസന്ദേശത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

അല്ലെങ്കിൽ

(b) ഉണ്ണുനീലിസന്ദേശത്തിലെ പ്രഭാതവർണ്ണന കോകസന്ദേശകാരനെ സ്വാധീനിച്ചിട്ടുണ്ട് എന്നു പറയുവാൻ കാരണമെന്ത്?

5. (a) അംബരീഷോപാഖ്യാനത്തിന്റെ ഭാഷാസവിശേഷതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) പദ്യരത്നം കൃതികളിൽ പ്രതിഫലിക്കുന്ന സാമൂഹ്യജീവിതം വിവരിക്കുക.

**(5 × 6 = 30 Marks)**

gcwcentrallibrary.in

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) പ്രമേയപരവും ഭാഷാപരവുമായി പാട്ടുംമണിപ്രവാളവും തമ്മിലുള്ള വ്യത്യാസങ്ങളെപ്പറ്റി ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) രാമചരിതത്തിൽനിന്നും രാമകഥപ്പാട്ട് വേറിട്ടുനിൽക്കുന്നതെങ്ങനെ?

2. (a) മണിപ്രവാളപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിനു കാരണമായ രാഷ്ട്രീയസാമൂഹിക സാഹചര്യങ്ങൾ വിവരിക്കുക.

അല്ലെങ്കിൽ

(b) അച്ചീചരിതങ്ങളേയും സന്ദേശകാവ്യങ്ങളേയും കേവലശൃംഗാരകൃതികളായല്ലാതെ വിലയിരുത്തുന്നതാണ് ഇന്നത്തെ രീതി - അഭിപ്രായം ചർച്ച ചെയ്യുക.

3. (a) മലയാളഗദ്യത്തിന്റെ ആദ്യകാലമാതൃകകളെപ്പറ്റി ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) മലയാളഭാഷാപരിണാമത്തിൽ കൃഷ്ണഗാഥയ്ക്കുള്ള പ്രാധാന്യം നിർണ്ണയിക്കുക.

**(3 × 8 = 24 Marks)**

gcwcentrallibrary.in